**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തിൽ ഉള്ള ആസ്തികളുടെ വിവരങ്ങൾ മൊബൈൽ ഫോൺ മാപ്പിംഗ് വഴി ശേഖരിയ്ക്കുന്നതിന് മൊബൈൽ വാങ്ങുന്നതിനും ബ്രോഡ് ബാന്റ് കണക്ഷനുമായി നൽകിയ അനുമതി-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2904/2016/തസ്വഭവ തിരുവനന്തപുരം, തീയതി :19 .10.2016

---

പരാമർശം -1. 28/05/2016 - ലെ സ.ഉ(സാധാ)നം 1774/16/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 6/9/2016 ലെ ജെ1/3760/2015 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 7/9/2016 തീയതിയിലെ 3.21 നമ്പരായുള്ള തീരുമാനം.

**ഉത്തരവ്**

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ M-Asset ആപ്ലിക്കേഷൻ വഴി ഗ്രാമപഞ്ചായത്തിൽ ഉള്ള ആസ്തികളുടെ വിവരങ്ങൾ മൊബൈൽ ഫോൺ മാപ്പിംഗ് വഴി ശേഖരിക്കുന്നതിന് കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ/മോഡൽ മൊബൈൽ ഫോൺ ഓരോ പഞ്ചായത്തിനും ഒന്ന് വീതം വാങ്ങുന്നതിന് പതിനായിരം രൂപയിൽ കവിയാത്ത തുകയും ബ്രോഡ് ബാന്റ് കണക്ഷനായി പ്രതിമാസം 301 രൂപയും അനുവദിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ പരാമർശം 3 ലെ തീരുമാനം പ്രകാരം മേൽ ഉത്തരവിലെ 'ബ്രോഡ് ബാന്റ് കണക്ഷൻ' എന്നതിന് പകരം പ്രതിമാസം 350/- രൂപയിൽ കവിയാത്ത മൊബൈൽ ഡാറ്റാ കണക്ഷൻ എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എ.കെ. മോഹനകുമാർ**
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്. കേരളം. തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ. കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകിരക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**